സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ പത്താം ശമ്പള പരിഷ്കാരം അനോമലി കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 515/16/Est-1** നന്തൻകോട്, **09/06/2017**

---

പരാമർശം : 1. 01.07.2016-ലെ ആർ.ഒ.സി.516/16/എസ്റ്റാ.1 നമ്പർ ഉത്തരവ്.
2. ദേവസ്വം കമ്മീഷണറുടെ 4.3.2017 ലെ ആർ.ഒ.സി.3616/16/എസ്റ്റാ.(എ) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും പരിഷ്കരിച്ചുകൊണ്ടുള്ള പരാമർശം 1 ഉത്തരവിൻപ്രകാരം ഇക്കാര്യത്തിലെ അപാകതകൾ വിലയിരുത്തി ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ശമ്പളപരിഷ്ക്കരണ കമ്മിറ്റിയെ പുനർനാമകരണം ചെയ്ത് രൂപീകരിച്ച അനോമലി കമ്മിറ്റി മുമ്പാകെ എത്തിയ അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കിയ 04-3-2017 ലെ നടപടി സംഗ്രഹം ഉള്ളടക്കം ചെയ്തുകൊണ്ടുള്ള പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സ് II ക്രമ നമ്പർ V ൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ 1/3 ഗ്രേഡ് അനുവദിച്ചതിലുണ്ടായിട്ടുള്ള പിശക് പരിഹരിക്കണമെന്നും മരാമത്ത് വിഭാഗത്തിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക 'ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ' എന്ന് പുനർ നാമകരണം ചെയ്യണമെന്നും, സാംസ്കാരിക-പുരാവസ്തു വിഭാഗത്തിൽ 1.2.2016 ൽ 8500-13210 ശമ്പള സ്കെയിലിൽ അനുവദിച്ച ഫുൾടൈം ഫോട്ടോഗ്രാഫർ തസ്തിക അനക്സ് - II ൽ യഥാസ്ഥാനത്ത് ഉൾപ്പെടുത്തണമെന്നും, എക്സ്ഗ്രേഷ്യാ പെൻഷൻകാർക്ക് ക്ഷാമാശ്വാസം നൽകണമെന്ന അപേക്ഷകൾ പരിഗണിക്കണമെന്നും, കാരാണ്മ ജീവനക്കാരുടെ ശമ്പള ഫിക്സേഷൻ നടത്തുമ്പോൾ അവർക്ക് ആദ്യമായി ഇംക്രിമെന്റ് ആനുകൂല്യം അനുവദിച്ച 1.7.2009 മുതലുള്ള കാലയളവ് സർവ്വീസ് വെയിറ്റേജിന് പരിഗണിക്കാവുന്നതാണെന്നും മരാമത്ത് വിഭാഗത്തിലെ ഡിവിഷണൽ എഞ്ചിനീയർ ശ്രീ. ജി. എസ്. ബൈജുവിന് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ള കുടിശ്ശിക മറ്റു കുടിശ്ശിക നൽകുന്ന ക്രമത്തിൽ 1.7.2014 മുതൽ അനുവദിക്കാവുന്നതാണെന്നും ക്ഷേത്ര ജീവനക്കാരെ ക്ലാസ്സ് ഫോർ ജീവനക്കാരായി പരിഗണിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതാണെന്നും പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തു.

ശമ്പള പരിഷ്കരണ കമ്മിറ്റി ചെയർമാന്റെ പ്രസ്തുത റിപ്പോർട്ട് ദേവസ്വം ബോർഡ് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും പ്രസ്തുത ശുപാർശകൾ ബോർഡ് അംഗീകരിച്ച് 1.7.2016-ലെ ആർ.ഒ.സി. 515/2016/എസ്റ്റാ.1 നമ്പർ ഉത്തരവും 1.7.2016-ലെ ആർ.ഒ.സി. 516/2016/എസ്റ്റാ.1 നമ്പർ ഉത്തരവും ഭേദഗതി വരുത്തി ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

(മറുപുറം)

EDP

I. ദേവസ്വം ബോർഡ് 1.7.2016 ൽ പുറപ്പെടുവിച്ച ആർ.ഒ.സി.515/2016/എസ്റ്റാ.1 നമ്പർ ഉത്തരവിലെ അനുബന്ധം II ഇനം V -ലെ തസ്തികകളും ശമ്പള സ്കെയിലുകളും ചുവടെ വിവരിക്കും പ്രകാരം ഭേദഗതി വരുത്തുന്നു.

| | | | |
|---|---|---|---|
| V | Assistant Secretary<br><br>Assistant Devaswom Commisssioner<br>Assistant Director<br>Superintendent<br>Vigilance Officer<br>Administrative Officer<br>(*)Divisional Accounts Officer | 20740-500-21240-560-24040-620-27140-680-29860-750-32860-820-36140<br><br>1/3 of these posts will be placed on Higher Scale 22360-37940 | 39500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-81000-2000-83000<br><br>1/3 of these posts will be placed on Higher Scale 42500-87000 |
| V A | Assistant Engineer<br>AssistantEngineer/<br>Head Draftsman<br>Environmental Engineer<br>Architect<br>Assistant Law Officer<br>Public Relations Officer | 20740-500-21240-560-24040-620-27140-680-29860-750-32860-820-36140 | 39500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-81000-2000-83000 |

(*) ഡിവിഷണൽ അക്കൗണ്ടന്റ് എന്ന തസ്തിക 'ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ' എന്ന് പുനർ നാമകരണം ചെയ്യുന്നു.

മരാമത്ത് വിഭാഗത്തിലെ ഡിവിഷണൽ എഞ്ചിനീയർ ശ്രീ. ജി. എസ്. ബൈജുവിന് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം ലഭിക്കേണ്ട ശമ്പള പരിഷ്ക്കരണ കുടിശ്ശിക ജീവനക്കാരുടെ മറ്റ് കുടിശ്ശികകൾ നൽകുന്ന ക്രമത്തിൽ 01.7.2014 മുതൽ നൽകുന്നതിന് അനുമതി നൽകുന്നു.

II. തിരുവിതാംകൂർ ദേവസ്വം ബോർഡ് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ നിന്നും പെൻഷനായി എക്സ്ഗ്രേഷ്യ വാങ്ങിവരുന്നവർക്ക് സർക്കാരിലെ ക്രമം ക്ഷാമാശ്വാസം കൂടി നൽകുന്നതിന് അനുവദിക്കുന്നു.

III. കാരാണ്മ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കാരത്തിന് ഫിക്സേഷൻ ആനുകൂല്യം നൽകണമെന്ന ആവശ്യം പരിശോധിച്ചതിൽ കാരാണ്മ ജീവനക്കാർക്ക് ആദ്യമായി ഇൻക്രിമെന്റ് ആനുകൂല്യം അനുവദിച്ച 01-7-2009 മുതലുളള കാലയളവ് സർവ്വീസ് വെയിറ്റേജിന് പരിഗണിച്ച് അതനുസരിച്ചുളള ഫിക്സേഷൻ ആനുകൂല്യം അനുവദിക്കുന്നു.

ഫുൾടൈം ഫോട്ടോഗ്രാഫർ തസ്തിക സംബന്ധിച്ചുളള ഉത്തരവ് പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി.

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, ശബരിമല സെൽ
(ഇൻ അഡീഷണൽ ചാർജ്)

പകർപ്പ് :-

1) എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2) ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3) എസ്റ്റാ.2 സെക്ഷൻ, ബോർഡ് ഓഫീസ്
4) പെൻഷൻ സെക്ഷൻ, ബോർഡ് ഓഫീസ്
5) മരാമത്ത് സെക്ഷൻ, ബോർഡ് ഓഫീസ്
6) EDP സെക്ഷൻ, ബോർഡ് ഓഫീസ്
7) സെക്ഷൻ ഫയൽ
8) ഫയൽ ബുക്ക്
9) ഫെയർ ആഫീസ് കോപ്പി